# അഗ്രിക്കൾച്ചറൽ മാർക്കറ്റ് ഇന്റലിജൻസ് സെന്റർ :

## കർഷകർക്കൊരു വഴികാട്ടി

കർഷകനും വിപണിയും തമ്മിലുള്ള അന്തരം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ദേശീയ കാർഷിക നവീകരണ പദ്ധതിയുടെ ഭാഗമായി കേരളകാർഷിക സർവകലാശാല യിൽ ഇന്ത്യൻ കാർഷികഗവേഷണ കൗൺസിൽ ആവിഷ്കരിച്ച അഗ്രിക്കൾച്ചറൽ മാർക്കറ്റ് ഇന്റലിജൻസ് സെന്റർ പ്രവർത്തനമാരംഭിച്ചു. 2009 ഒക്ടോബർ 12 തിങ്കളാഴ്ച രാവിലെ 11 മ ണിയ്ക്ക് വെള്ളാനിക്കരയിലെ ഹോർട്ടികൾച്ചർ കോളേജിൽ വെച്ച് ബഹു: ഒല്ലൂർ നിയോജ കമണ്ഡലം എം.എൽ.എ. ശ്രീ. രാജാജി മാത്യു തോമസ് സെന്ററിന്റെ ഉദ്ഘാടനകർമ്മം ഔ ദ്യോഗികമായി നിർവഹിച്ചു. സർവകലാശാല ഗവേഷണവിഭാഗം മേധാവി ഡോ. ഡി. അല ക്സാണ്ടർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഹോർട്ടികൾച്ചർ കോളേജ് അസ്സോസിയേറ്റ് ഡീൻ ഡോ പി.കെ രാജീവൻ സ്വാഗതപ്രഭാഷണം നടത്തി. കാർഷിക നവീകരണ പദ്ധതിയുടെ ദേശീയോപദേഷ്ടാവ് ഡോ. എൻ രവീന്ദ്രൻ സംരംഭത്തെക്കുറിച്ച് വിശദീകരിക്കുകയും കു രുമുളകിന്റെ നൂതന ശാസ്ത്രീയമാർഗ്ഗങ്ങളുപയോഗിച്ച് തയ്യാറാക്കിയ ആദ്യവില പ്രവചന പത്രിക കാർഷിക സാമ്പത്തിക ശാസ്ത്ര വിഭാഗം മേധാവി പ്രൊഫ. ഇ.കെ.തോമസ്സിന് നൽകി പ്രകാശനം ചെയ്യുകയും ചെയ്തു. പദ്ധതിയുടെ രൂപരേഖ കാർഷിക സാമ്പത്തിക ശാസ്ത്ര വിദഗ്ധൻ ഡോ.കെ.മുകുന്ദന് നൽകി എം.എൽ.എ. ശ്രീ. രാജാജി മാത്യു തോമസ പ്രകാശനം നിർവഹിച്ചപ്പോൾ കാർഷിക സാമ്പത്തിക ശാസ്ത്ര വിഭാഗം മുൻ മേധാവി ഡോ. വി. രാധാകൃഷ്ണൻ ആശംസയും കാർഷിക സർവകലാശാലയുടെ പദ്ധതി നിർവ ഹണ ചുമതലയുള്ള ശാസ്ത്രജ്ഞൻ ഡോ.കെ.സതീഷ് ബാബു നന്ദിയും രേഖപ്പെടുത്തി.

ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന് കീഴിലുള്ള ഇന്ത്യയിലെ പതിനൊന്ന് പ്രമുഖ കാർഷിക സർവകലാശാലകളാണ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രവർ ത്തിക്കുന്നത്. കേരളകാർഷിക സർവകലാശാലയിൽ മേൽപ്പറഞ്ഞ സംരംഭത്തിന്റെ ചുമത ല വഹിക്കുന്നത് ഹോർട്ടികൾച്ചർ കോളേജിലെ കാർഷിക സാമ്പത്തിക ശാസ്ത്രവിദഗ്ദ്ധ രായ ഡോ.കെ.സതീഷ് ബാബുവും ഡോ. ജെസ്സി കെ.തോമസുമാണ്.

കേരളത്തിന്റെ മാറുന്ന കാർഷിക മേഖലയുടെ വികസനത്തിന് വേഗം കൂട്ടാൻ താ ഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായിരിക്കും കേന്ദ്രം ഊന്നൽ നൽകുക.

- ❖ കാർഷിക വിപണിയേയും വിപണനത്തേയും കുറിച്ചുള്ള ലഭ്യമായ വിവരങ്ങൾ ശേഖരിച്ച് വിവരസാങ്കേതികവിദ്യയിലൂന്നിയ അതിനൂതന നിരീക്ഷണ പരിജ്ഞാന വിനിമയ സമ്പ്രദായം ഉരുത്തിരിച്ചെടുക്കുക.

---

• Senior Research Fellows, NAIP on Establishing and Networking of Agricultural Market Intelligence Centres in India, Kerala Agricultural University Centre.

- കർഷകർക്കും വ്യാപാരികൾക്കും വിപണിയെ ഒരുപോലെ അടുത്തറിയുവാൻ ഉപകരിക്കുന്ന കമ്പോള സൂചകങ്ങൾ, ആപേക്ഷികമായ ചലനങ്ങൾ, വിലവിവര സൂചികകൾ എന്നിവ നൽകുക.

- വിപണിയിൽ കർഷകർക്ക് ഫലപ്രദമായി ഇടപെടുവാനുള്ള അവസരമൊരുക്കുക വഴി ഗുണമേന്മയുള്ളതും സുതാര്യവുമായ കാർഷിക വിപണനം സാദ്ധ്യമാക്കുക.

- തെരെഞ്ഞെടുത്ത വിളകളുടെ കമ്പോളങ്ങൾ ശാസ്ത്രീയമായി അപഗ്രഥിച്ച് അവയെക്കുറിച്ചുള്ള ശാസ്ത്രീയ അനുഭവജ്ഞാനം കർഷകരുമായി പങ്കുവെയ്ക്കുകയും അവ മാദ്ധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും ചെയ്യുക.

- കാർഷിക വിപണനവുമായി ബന്ധപ്പെട്ട കർഷകർ, വ്യാപാരികൾ സംസ്ക്കരണ ഏജൻസികൾ, അനുബന്ധ സ്ഥാപനങ്ങൾ എന്നിവയുടെ സംസ്ക്കരണ-മൂല്യവർദ്ധന, ഉൽപ്പന്ന ശൃംഖലകൾ ഉരുത്തിരിച്ചെടുക്കുക.

- കർഷകർക്ക് പ്രയോജനപ്രദമായ ബോധവൽക്കരണ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

കേന്ദ്രം തുടക്കത്തിൽ വിശകലനം ചെയ്യുന്ന കാർഷിക വിളകൾ നാളികേരം, കുരുമുളക്, ഏലം മുതലായവയാണ്.

കേന്ദ്രത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക

E-mail : demickau@gmail.com

Website: www.kau.edu, www.kauhort.in, www.tnagmark.tn.nic.in

Phone : 0487 – 2370822 * 352 Mob : 9847059664
0487 – 2370822 * 362 Mob : 9446141670